REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 11-03-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- റെയിൽവെ ഭേദഗതിബിൽ -2024 പാർലമെന്റ് പാസാക്കി.
- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടു ദിവസത്തെ മൗറീഷ്യസ് സന്ദർശനം ഇന്ന് ആരംഭിക്കും.
- ഇടുക്കി പരുന്തുംപാറയിൽ ഗവൺമെന്റ് ഭൂമി കയ്യേറി സ്ഥാപിച്ച കുരിശ് റവന്യൂ ഉദ്യോഗസ്ഥർ പൊളിച്ചു മാറ്റി.
- ഉയർന്ന അൾട്രാ വയലറ്റ് സൂചികയുടെ സാഹചര്യത്തിൽ രാവിലെ 10 മുതൽ വൈകിട്ട് മൂന്ന് വരെ നേരിട്ട് സൂര്യപ്രകാശമേൽക്കരുതെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
- ISL ഫുട്ബോളിൽ മൊഹമ്മദൻ FC, പഞ്ചാബ് FC മത്സരം സമനിലയിൽ പിരിഞ്ഞു.

## വാർത്തകൾ വിശദമായി

**റെയിൽവെ ഭേദഗതിബിൽ -2024 പാർലമെന്റ് പാസാക്കി. കഴിഞ്ഞവർഷം ലോക്സഭ പാസാക്കിയ ബില്ലിന് ഇന്നലെ രാജ്യസഭയിൽ അംഗീകാരം നൽകുകയായിരുന്നു. റെയിൽവെ ബോർഡുകളുടെ അധികാരം വർദ്ധിപ്പിക്കാനും, അവയുടെ പ്രവർത്തന സ്വാതന്ത്ര്യം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ടാണ് 1989 ലെ റെയിൽവെ നിയമം ഭേദഗതി ചെയ്തത്.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)....**

അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും, പുതിയ സാങ്കേതിക വിദ്യകൾ സ്വന്തമാക്കുന്നതിനും, യാത്രാസുരക്ഷ ഉറപ്പുവരുത്തുന്നതിനും തുടർച്ചയായ പരിഷ്ക്കരണങ്ങൾ റെയിൽവെ നടത്തിവരികയാണെന്ന് ബിൽ ചർച്ചയ്ക്ക് മറുപടി പറഞ്ഞ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. കഴിഞ്ഞ 11 വർഷങ്ങളിൽ 34,000 കിലോമീറ്റർ പുതിയ പാത നിർമ്മിക്കാനും, 45,000 കിലോമീറ്റർ പാത വൈദ്യുതീകരിക്കാനും കഴിഞ്ഞു. റെയിൽസുരക്ഷയ്ക്കു മാത്രമായി മോദി ഗവൺമെന്റ് ഒരു ലക്ഷം കോടിയിൽപ്പരം രൂപ നിക്ഷേപിച്ചിട്ടുണ്ട്. റെയിൽ അപകടങ്ങളുടെ വാർഷിക തോത് 171 ൽ നിന്ന് 30 ആയി കുറയ്ക്കാൻ ഇതിലൂടെ സാധ്യമായി.

പുതിയ ഭേദഗതിയിലൂടെ റെയിൽവെ സോണൽ ജനറൽ മാനേജർമാർക്ക് 50 കോടി രൂപയുടെ വരെ കരാറുകൾക്ക് നേരിട്ട് അനുമതി നൽകാനാവും. റെയിൽ നിരക്ക് നിർണ്ണയിക്കാൻ സ്വതന്ത്ര റെഗുലേറ്ററെ നിയമിക്കാനും ഭേദഗതി നിയമം നിർദ്ദേശിക്കുന്നു. സംസ്ഥാനങ്ങളുടെ സഹകരണത്തോടെയാണ് നിരവധി റെയിൽ പദ്ധതികൾ നടപ്പാക്കി വരുന്നതെന്നും, സഹകരണ ഫെഡറലിസത്തിലാണ് ഗവൺമെന്റ് വിശ്വസിക്കുന്നതെന്നും അശ്വിനി വൈഷ്ണവ് വ്യക്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദ്വിദിന മൗറീഷ്യസ് സന്ദർശനം ഇന്ന് ആരംഭിക്കും. ഇന്നലെ യാത്ര പുറപ്പെട്ട പ്രധാനമന്ത്രി പുലർച്ചെ പോർട്ട് ലൂയിസിൽ എത്തും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......(വോയ്സ്)...

മൗറീഷ്യസ്, ഇന്ത്യൻ മഹാസമുദ്രത്തിലെ പ്രധാന പങ്കാളിയും, ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്ക് തുറക്കുന്ന കവാടവുമാണെന്ന് ഇന്നലെ യാത്രയ്ക്ക് മുൻപ് പുറപ്പെടുവിച്ച പ്രസ്താവനയിൽ നരേന്ദ്ര മോദി പറഞ്ഞു. ചരിത്രം, ഭൂമിശാസ്ത്രം, സംസ്കാരം എന്നിവയാൽ ഇരു രാജ്യങ്ങളും പരസ്പര ബന്ധിതമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

സർ സീവൂസാഗുർ റങ്കൂലം ബൊട്ടാണിക്കൽ ഗാർഡൻ സമുച്ചയത്തിൽ അദ്ദേഹം ഒരു വൃക്ഷത്തൈ നടും. പ്രസിഡന്റ് ധരം ഗോകുലിനെ കാണുന്ന പ്രധാനമന്ത്രി വൈകിട്ട് പൊതുപരിപാടിയിലും പങ്കെടുക്കും. പിന്നീട്, മോദി മൗറീഷ്യസ് പ്രധാനമന്ത്രി നവീൻ ചന്ദ്ര റങ്കൂലുമായി കൂടിക്കാഴ്ച നടത്തും.

പ്രധാനമന്ത്രി നാളെ മൗറീഷ്യസിന്റെ ദേശീയ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കും. ഇന്ത്യൻ നാവികസേനയുടെ ഒരു കപ്പലിനൊപ്പം ഇന്ത്യൻ രാജ്യരക്ഷാ സേനയുടെ സംഘവും ആഘോഷങ്ങളിൽ പങ്കെടുക്കും.

✪✪✪

CISF സ്ഥാപക ദിനത്തിൽ ഇന്നലെ എല്ലാ സേനാംഗങ്ങൾക്കും പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസ നേർന്നു. എല്ലാ ദിവസവും എണ്ണമറ്റ ആളുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലൂടെ രാജ്യത്തിന്റെ സുരക്ഷാ സംവിധാനത്തിൽ CISF ന്റെ പങ്കിന് പ്രാധാന്യമേറെയുണ്ടെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

കൂടൽമാണിക്യം ക്ഷേത്രത്തിൽ ദേവസ്വം നിയമങ്ങൾ അനുസരിച്ച് ഗവൺമെന്റ് നിയമിച്ച കഴകക്കാരൻ ആ തസ്തികയിൽ അവിടെ തന്നെ ജോലി ചെയ്യണമെന്നാണ് ഗവൺമെന്റ് നിലപാടെന്ന് മന്ത്രി V.N വാസവൻ നിയമസഭയെ അറിയിച്ചു. സംസ്ഥാനത്ത് ജാതിയുടെ പേരിൽ ഒരാളെ ജോലിയിൽ നിന്ന് മാറ്റി നിർത്തുന്നത് സാംസ്കാരിക കേരളത്തിന് അപമാനകരമാണെന്നും അദ്ദേഹം പറഞ്ഞു.

തന്ത്രിമാരുടെ വിയോജിപ്പിനെ തുടർന്ന് കഴകം ജീവനക്കാരനെ ക്ഷേത്രത്തിൽ നിന്ന് ഒഴിവാക്കിയത് അംഗീകരിക്കാനാവില്ല. ഇക്കാര്യത്തിൽ പുരോഗമനപരമായ നിലപാട് കേരളസമൂഹം സ്വീകരിക്കണമെന്ന് VN വാസവൻ ആവശ്യപ്പെട്ടു.

✪✪✪

ശ്രീനാരായണഗുരു - മഹാത്മാഗാന്ധി സമാഗമ ശതാബ്ദി ആഘോഷം നാളെ വർക്കല ശിവഗിരിയിൽ നടത്തും.

മഹാത്മാഗാന്ധിയുടെ ചെറുമകൻ തുഷാർ ഗാന്ധി, ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സച്ചിദാനന്ദ സ്വാമികൾ, ട്രസ്റ്റ് ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ സ്വാമികൾ, കോൺഗ്രസ്സ് നേതാവ് V.M സുധീരൻ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്ത് ഇന്നലെ 15 കിലോയിലേറെ കഞ്ചാവുമായി മൂന്നു പേരെ പൊലീസും എക്സൈസും പിടികൂടി.

ഷൊർണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് 12 കിലോ കഞ്ചാവുമായി ഉത്തർ പ്രദേശ് സ്വദേശി രാജേഷ് റജാക്കിനെയാണ് എക്സൈസ് പിടികൂടിയത്. ഒലവക്കോട് റയിൽവേ ഓവർ ബ്രിഡ്ജിന് സമീപം മൂന്ന് കിലോ കഞ്ചാവുമായി ഒഡീഷ സ്വദേശി റബീന്ദർ കുമാർ സിംഗ് എന്നയാളെയും കസ്റ്റഡിയിലെടുത്തു.

കോഴിക്കോട്ട് 380 ഗ്രാം കഞ്ചാവുമായി കല്ലായി സ്വദേശി അനിരുദ്ധനെ കസബ പൊലീസ് അറസ്റ്റു ചെയ്തു.

ഇടുക്കിയിൽ അന്യാർതുളു നിർമ്മലാപുരം ഭാഗത്തു നിന്ന് 105 ഗ്രാം ഹാഷിഷ് ഓയിലുമായി ആലപ്പുഴ വണ്ടാനം സ്വദേശി ഹഷ്കറെയും പൊലീസ് പിടികൂടി.

തൊടുപുഴ നഗരത്തിലെ MDMA വിതരണക്കാരിലൊരാളായ തൊട്ടിപ്പറമ്പിൽ ഫൈസൽ ജബ്ബാറിനെയും പൊലീസ് അറസ്റ്റു ചെയ്തു.

✪✪✪

ഇടുക്കി പരുന്തുംപാറയിൽ ഗവൺമെന്റ് ഭൂമി കയ്യേറി സ്ഥാപിച്ച കുരിശ് റവന്യൂ ഉദ്യോഗസ്ഥർ പൊളിച്ചു മാറ്റി. തൃക്കൊടിത്താനം സ്വദേശി സജിത് ജോസഫ് ആണ് കുരിശ് സ്ഥാപിച്ചത്. സംഭവത്തിൽ കർശന നടപടിയെടുക്കുമെന്ന് മന്ത്രി K രാജൻ അറിയിച്ചിരുന്നു.

റവന്യൂ വകുപ്പിന്റെ 15 അംഗ സംഘമാണ് കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കുരിശ് പൊളിച്ചു മാറ്റിയത്. പരുന്തുംപാറയിൽ രണ്ടുമാസത്തേക്ക് നിരോധനാജ്ഞ പ്രഖ്യാപിച്ചതായും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഉയർന്ന അൾട്രാ വയലറ്റ് സൂചിക രേഖപ്പെടുത്തിയതിനാൽ രാവിലെ 10 മുതൽ വൈകിട്ട് മൂന്ന് വരെ നേരിട്ട് സൂര്യപ്രകാശമേൽക്കുന്നത് പരമാവധി ഒഴിവാക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. വെയിലത്ത് ജോലി ചെയ്യുന്നവരും പ്രതിരോധശേഷി കുറഞ്ഞവരും പ്രത്യേക ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്.

തൊഴിൽദായകർ ജോലിസമയം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കണമെന്നും ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശിച്ചു.

✪✪✪

സംസ്ഥാനത്ത് ചില ജില്ലകളിൽ ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്നും, മലപ്പുറം, വയനാട് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകി.

തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ രാവിലെ എട്ടര മുതൽ നാളെ രാത്രി പതിനൊന്നര വരെ കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി ഉയർന്ന തിരമാലക്ക് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിൽ ഉയർന്ന താപനില റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കാൻ സ്കൂളുകൾക്ക് ജില്ലാകളക്ടർ നിർദ്ദേശം നൽകി. വേനൽ അവധിക്കാലത്ത് അത്യാവശ്യമെങ്കിൽ മാത്രമേ സ്പെഷ്യൽ ക്ലാസുകൾ നടത്താവൂയെന്നും നിർദേശമുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O ശശിധരൻ.

.........(വോയ്സ്)........

✪✪✪

ആശാ വർക്കർമാർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന രാപ്പകൽ സമരം 30-ാം ദിവസത്തേക്ക് കടന്നു. ഫെബ്രുവരി പത്തിനാണ് സമരം ആരംഭിച്ചത്.

രാപ്പകൽ സമരത്തിന്റെ രണ്ടാം ഘട്ടത്തിൽ ഈ മാസം 17 ന് സെക്രട്ടേറിയറ്റ് ഉപരോധം സംഘടിപ്പിക്കുമെന്ന് സംസ്ഥാന ആശാ ഹെൽത്ത് വർക്കേഴ്സ് യൂണിയൻ അറിയിച്ചു.

✪✪✪

ISL ഫുട്ബോളിൽ മൊഹമ്മദെൻ FC, പഞ്ചാബ് FC മത്സരം സമനിലയിൽ പിരിഞ്ഞു. കൊൽക്കത്തയിൽ ഇരു ടീമും രണ്ട് ഗോൾ വീതം നേടി.

ഇന്ന് ബംഗളുരു FC, മുംബൈ സിറ്റി FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ബംഗളുരു ശ്രീകണ്ഠീരവ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

**കേരള പ്രീമിയർ ലീഗ് ഫുട്ബോളിൽ കോഴിക്കോട്ട്, പറപ്പൂർ FC കേരള വിജയിച്ചു. ഇന്റർ കേരള FC യെ രണ്ട് ഗോളിനാണ് അവർ പരാജയപ്പെടുത്തിയത്.**

**ഇന്ന് വൈകിട്ട് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ ഗോൾഡൻ ത്രെഡ്സും കേരള യുണൈറ്റഡ് FC യും ഏറ്റുമുട്ടും.**

✪✪✪

**ലോക പാരാ അത്‌ലറ്റിക്സ് ഗ്രാന്റ് പ്രിക്സ് മത്സരങ്ങൾക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാവും. ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ 90 മത്സരയിനങ്ങളിലായി 20 രാജ്യങ്ങളിലെ 280 പാരാ അത്‌ലറ്റുകൾ പങ്കെടുക്കും. മത്സരങ്ങൾ മറ്റന്നാൾ സമാപിക്കും.**

✪✪✪

**വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെ മുംബൈ ഇന്ത്യൻസ് തോൽപ്പിച്ചു. ഇതോടെ പോയിന്റ് പട്ടികയിൽ അവർ രണ്ടാം സ്ഥാനത്തെത്തി.**

**നാളെ ബംഗളുരുവിനെ തോൽപ്പിച്ചാൽ മുംബൈക്ക് നേരിട്ട് ഫൈനലിൽ പ്രവേശിക്കാം.**

✪✪✪

**ആറ്റുകാൽ പൊങ്കാല പ്രമാണിച്ച് റെയിൽവെ പ്രത്യേക ട്രെയിൻ സർവീസ് ഏർപ്പെടുത്തി. പൊങ്കാല ദിനമായ 13 ന് പുലർച്ചെ ഒന്നരയ്ക്ക് എറണാകുളത്തു നിന്നും തിരുവനന്തപുരത്തേക്കും, ഉച്ചക്ക് 2.15ന് തിരിച്ചും പ്രത്യേക ട്രെയിൻ സർവീസ് നടത്തും. സ്ഥിരം ട്രെയിനുകൾക്ക് താൽക്കാലിക സ്റ്റോപ്പുകളും, സമയ പുനഃക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്.**

**പൊങ്കാലയുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി 1,391 ശുദ്ധജല ടാപ്പുകളും, 50 ഷവറുകളും ഒരുക്കി. ആവശ്യമായ സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റി ടാങ്കറുകളിൽ കുടിവെള്ളമെത്തിക്കും. മലിനജലം സുരക്ഷിതമായി നീക്കംചെയ്യാനും തയ്യാറെടുപ്പുകൾ പൂർത്തിയായി.**

✪✪✪

**ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുന്നോടിയായി ധനകാര്യ കമ്മീഷൻ ചെയർമാൻ ഡോ K.N ഹരിലാൽ**

കാസർഗോഡ് ജില്ല സന്ദർശിച്ചു. കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങളുടെയും, ഉദ്യോഗസ്ഥരുടെയും അഭിപ്രായങ്ങൾ സ്വരൂപിക്കാനായിരുന്നു സന്ദർശനം.

✪✪✪

കണ്ണൂർ ജില്ലയിലെ വന മേഖലയോട് ചേർന്ന പഞ്ചായത്തുകൾ സൗരോർജ്ജ തൂക്കുവേലിയുടെ അറ്റകുറ്റപ്പണിക്ക് പദ്ധതി നടപ്പാക്കണമെന്ന് കണ്ണൂരിൽ ചേർന്ന പ്രത്യേക യോഗം നിർദേശം നൽകി. വന മേഖലയിലെ രാത്രികാല അനാവശ്യ യാത്രകളും, പുഴയോരത്തെ താമസവും ഒഴിവാക്കണം. ഇത് നിരീക്ഷിക്കാൻ പോലീസ്, എക്സൈസ് വകുപ്പുകളുടെ പട്രോളിങ് വേണമെന്നും യോഗത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ ആവശ്യപ്പെട്ടു.

✪✪✪

മലപ്പുറം ജില്ലയിലെ നായാടംപൊയിൽ വനമേഖലയെ നിക്ഷിപ്ത വനഭൂമിയായി പ്രഖ്യാപിച്ചു. മേഖലയിലെ 38 ഹെക്ടർ ഭൂമിയാണ് ഇതിൽ ഉൾപ്പെടുന്നത്. മലബാറിന്റെ ഗവി എന്ന് വിശേഷിപ്പിക്കുന്ന കുരിശുമലയും ഇതിലുൾപ്പെടും. വിജ്ഞാപനം വന്നതോടെ കുരിശുമലയുൾപ്പെടെ ടൂറിസം കേന്ദ്രങ്ങളിലേക്ക് വനംവകുപ്പ് പ്രവേശനം കർശനമായി നിയന്ത്രിച്ചു.

✪✪✪

കണ്ണൂർ പാനൂർ പുല്ലൂക്കരയിൽ ജനവാസ കേന്ദ്രത്തിൽ ആക്രമണ സ്വഭാവത്തോടെ എത്തിയ കാട്ടുപന്നിയെ വെടിവെച്ചു കൊന്നു. ഏറെ നേരം നാട്ടുകാരെ ആശങ്കയുടെ മുൾമുനയിൽ നിർത്തിയ കാട്ടുപന്നിയെ പാനൂർ നഗരസഭ ഏർപ്പെടുത്തിയ ഷൂട്ടറാണ് വെടിവെച്ചത്.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*News Team: നിമിഷ ജി, ഫസ്ന ഫാത്തിമ*
*DEO: ഷീബ*